## പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-16)

## ആറാമത് റിപ്പോർട്ട്

(2014 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായ ക്ഷേമ സമിതി
# (2014-16)

**ആറാമത് റിപ്പോർട്ട്**

(2014 ഡിസംബർ 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

15/2015.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. മമ്മൂട്ടി

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# മുഖവുര

പിന്നോക്കസമുദായ ക്ഷേമ സമിതിയുടെ (2014-16) അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 നവംബർ 25-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

തിരുവനന്തപുരം,<br>2014 ഡിസംബർ 5.

സി. മമ്മൂട്ടി,<br>*അദ്ധ്യക്ഷൻ,*<br>*പിന്നോക്കസമുദായ ക്ഷേമ സമിതി.*

# റിപ്പോർട്ട്

സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ബഹുദൂരം പിറകിലായ വിവിധ പിന്നോക്ക വിഭാഗങ്ങളുടെ ജീവിത നിലവാരം സ്വാതന്ത്ര്യാനന്തരവും മാറ്റമില്ലാതെ തുടരുന്ന സ്ഥിതിവിശേഷമാണ് ഇന്നും നിലനിൽക്കുന്നത്. പിന്നോക്കക്കാരായ വിവിധ സമൂഹങ്ങളുടെ സർവ്വതോമുഖമായ പുരോഗതി മുൻനിർത്തി അവർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതും അവകാശങ്ങൾ സംരക്ഷിക്കേണ്ടതും അവരുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള കർമ്മ പദ്ധതികൾ നടപ്പിൽ വരുത്തേണ്ടതും ഏതൊരു ജനാധിപത്യ സർക്കാരിന്റെയും കടമയാണ്. പിന്നോക്കസമുദായക്കാർക്കായി ആവിഷ്കരിച്ച ക്ഷേമപദ്ധതികൾ ഫലപ്രാപ്തിയിൽ എത്തേണ്ട ആവശ്യകത മുൻനിർത്തിയാണ് കേരള നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമ സമിതി 1993 ഫെബ്രുവരി 4-ാം തീയതി രൂപീകൃതമായത്. പ്രസ്തുത സമിതിയിൽ ചെയർമാൻ ഉൾപ്പെടെ ഒമ്പത് അംഗങ്ങളാണ് ഉള്ളത്. ഒമ്പത് അംഗങ്ങളിൽ ആറുപേർ പിന്നോക്ക വിഭാഗക്കാർ ആയിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. നിലവിലുള്ള പിന്നോക്കസമുദായ ക്ഷേമ സമിതി (2014-16) 2014 മേയ് 30-ാം തീയതി പുനഃസംഘടിപ്പിക്കപ്പെട്ടു.

സമിതി ഒരു മാസം മൂന്നു പ്രാവശ്യം യോഗം ചേരാറുണ്ട്. അതിൽ രണ്ടുയോഗങ്ങൾ തലസ്ഥാനത്തു വച്ചും മൂന്നാമത് യോഗം ജില്ലാ ആസ്ഥാനങ്ങളിൽ വച്ചും ചേരുന്ന രീതിയാണ് അനുവർത്തിച്ചു വരുന്നത്. പൊതുജനങ്ങൾക്ക് യാത്രാക്ലേശം കൂടാതെ സമിതി മുമ്പാകെ പരാതി സമർപ്പിക്കുന്നതിനും ജനപ്രതിനിധികൾ മുമ്പാകെ നേരിട്ട് തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും അവസരമൊരുക്കുന്നതു കൂടാതെ, പരാതിക്കാധാരമായ വിഷയങ്ങൾ വിശദമായി മനസ്സിലാക്കുന്നതിനും ജില്ലാ ആസ്ഥാനങ്ങളിൽ ചേരുന്ന യോഗങ്ങൾ സഹായകമാകുന്നു.

ജില്ലാ ആസ്ഥാനങ്ങളിൽ സമിതിക്ക് ലഭിക്കുന്ന ഹർജികളെ സംബന്ധിച്ചും സമിതി സ്വമേധയാ തെരഞ്ഞെടുക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ചും ജില്ലാതല ഉദ്യോഗസ്ഥരുമായി സമിതി വിശദമായി ചർച്ച നടത്തുന്നു. സമിതിയുടെ അധികാര പരിധിയിൽപ്പെടുന്ന വിഷയങ്ങളിൽ ലഭിക്കുന്ന ഹർജികൾ ഗവൺമെന്റിലേക്കയച്ച് റിപ്പോർട്ട് ആവശ്യപ്പെടുകയും അത്തരത്തിൽ ലഭിക്കുന്ന റിപ്പോർട്ടുകളിൽ അധികവിവരമോ വിശദീകരണമോ ആവശ്യമായി വരുന്ന അവസരങ്ങളിൽ ബന്ധപ്പെട്ട വകുപ്പു മേധാവികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി അഭിപ്രായം സ്വരൂപിക്കാറുമുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന സർക്കാർ മറുപടികളുടേയും തെളിവെടുപ്പിന്റേയും അടിസ്ഥാനത്തിൽ സമിതി കാലാകാലങ്ങളായി റിപ്പോർട്ട് സമർപ്പിച്ചുവരുന്നു.

സമിതിയുടെ ജില്ലാതല യോഗങ്ങളിൽ ലഭിച്ച വിവിധ ഹർജികളിന്മേൽ സമിതി പരിഗണിച്ച സർക്കാർ മറുപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ടിലെ സമിതിയുടെ ശിപാർശകളിന്മേലും 1, 2 എന്നീ ക്രമനമ്പരുകളിലെ ഹർജികളിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളിന്മേലും നടപടി സ്വീകരിച്ച് എത്രയും പെട്ടെന്ന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1. വിവിധ ആവശ്യങ്ങളുന്നയിച്ച് കേരള വിൽക്കുറുപ്പ് മഹാസഭ സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 5747/ബിസിസി3/2008/നി.സെ.)

വിവിധ ആവശ്യങ്ങളുന്നയിച്ച് കേരള വിൽക്കുറുപ്പ് മഹാസഭ സമർപ്പിച്ച ഹർജിയിലെ മൂന്നാമത്തെ ആവശ്യമായ വിൽക്കുറുപ്പ് സമുദായത്തിലെ പെൺകുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പ് ഏറ്റവും കുറഞ്ഞത് ആയിരം രൂപയായി ഉയർത്തുക എന്ന ആവശ്യത്തിന്മേൽ പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിന്റെ 17-7-2013-ലെ 4737/എൻ1/2010/പൊവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ഇപ്രകാരമാണ് :

"സർക്കാർ ഉത്തരവ് (കൈ.) നമ്പർ 33/05/പജപവവിവ. തീയതി 19-8-2005 പ്രകാരം മുസ്ലീം-നാടാർ വിഭാഗക്കാർക്ക് നൽകി വരുന്ന സ്കോളർഷിപ്പാണ് വിൽക്കുറുപ്പ് സമുദായത്തിനും ഇപ്പോൾ നൽകി വരുന്നത്. ആയതിനാൽ, ഒരു വിഭാഗത്തിനു മാത്രമായി സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുവാൻ കഴിയുന്നതല്ല. മുസ്ലീം-നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നോക്ക/ദാരിദ്ര്യ രേഖക്കാരുടെ വരുമാനമുള്ള മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാർ പരിഗണനയിലാണ് ".

പ്രസ്തുത മറുപടി 30-9-2013-ലെ സമിതി പരിഗണിക്കുകയും പിന്നോക്ക, ന്യൂനപക്ഷ, മറ്റു വിഭാഗങ്ങളിൽപ്പെട്ട പ്രീപ്രൈമറി തലംമുതൽ ഹയർ എഡ്യൂക്കേഷൻ തലംവരെയുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്, സ്കോളർഷിപ്പ് തുടങ്ങിയവയുടെ വിശദവിവരങ്ങൾ, ഒരേ സമയം രണ്ട് സ്കോളർഷിപ്പുകൾ കിട്ടാനും ഇല്ലെങ്കിൽ ഓപ്റ്റ് ചെയ്യാനുള്ള അവകാശമുണ്ടോ എന്നതു സംബന്ധിച്ച് നിബന്ധനകൾ എന്തെങ്കിലുമുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ, ഗ്രാന്റ്, സ്കോളർഷിപ്പ് തുക എത്രയാണെന്നത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. സമിതി ആവശ്യപ്പെട്ട പ്രകാരമുള്ള വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഉന്നത വിദ്യാഭ്യാസ/പൊതുവിദ്യാഭ്യാസ വകുപ്പുകളിലേക്ക് കത്തിടപാടുകൾ നടത്തിവരുന്നു.

2. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലെ സംവരണം സംബന്ധിച്ച് ദി സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡ് പുനലൂർ
(ഫയൽ നമ്പർ 8142/ബിസിസി3/1993/നി.സെ.)

കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിലെ പിന്നോക്കസമുദായ പ്രാതിനിധ്യക്കുറവ് സംബന്ധിച്ച റിപ്പോർട്ട് പരിഗണിച്ച സമിതി പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലേയും പിന്നോക്കസമുദായ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമാണോ എന്നും ആരായാൻ തീരുമാനിച്ചു. സമിതി ആരാഞ്ഞ വിവരങ്ങൾക്ക് ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിന്റെ 27-9-2013-ലെ 6005/ബി.പി.ഇ.3/13/പ്ലാനിംഗ് നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടി

ഇപ്രകാരമാണ് : "പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണപരമായ നിയന്ത്രണം സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കീഴിലാണെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ സംവരണം പോലെയുള്ള പൊതുവായ വിഷയങ്ങൾ പരിശോധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകുന്നത് ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിൽ നിന്നുമാണ്. എന്നാൽ, സംവരണം സംബന്ധിച്ച പുതുതായ ഉത്തരവുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാത്രമായി ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിൽ നിന്നും പുറപ്പെടുവിക്കാറില്ല. മറിച്ച് ഇക്കാര്യത്തിൽ, പൊതുസർവ്വീസിൽ, നടപ്പാക്കി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടി ബാധകമാക്കി ഈ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്യാറുള്ളത്. നിലവിൽ സർക്കാർ വകുപ്പുകളിൽ പിന്നോക്ക സമുദായ പ്രാതിനിധ്യക്കുറവ് നികത്തുന്നതിന് പ്രത്യേക നിയമനം നടത്തുന്നത് സംബന്ധിച്ച ഉത്തരവ് നിലവിലില്ല. അതിനാൽ തന്നെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പൊതുമേഖലാ സ്ഥാപനങ്ങളിലെ പിന്നോക്കസമുദായ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ, കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് രണ്ടാം ഭാഗത്തിലെ 14 മുതൽ 17 വരെയുള്ള ചട്ടപ്രകാരം, സർക്കാർ സർവ്വീസിലെ നിയമനങ്ങളിൽ, പാലിച്ചിരിക്കേണ്ടതായ സംവരണതത്വം, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും പാലിച്ചിരിക്കണം എന്ന കർശന നിർദ്ദേശം നിലവിലുള്ളതിനാൽ, സാധാരണഗതിയിൽ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പിന്നോക്കസമുദായ പ്രാതിനിധ്യക്കുറവ് ഉണ്ടാകേണ്ടതില്ല. എന്നിരുന്നാലും, സർക്കാർ സർവ്വീസിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും പിന്നോക്കസമുദായ പ്രാതിനിധ്യക്കുറവ് വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായി ഒരു ഉന്നതതല സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം വിലയിരുത്തുന്നതിന് പ്രസ്തുത സമിതിയുടെ യോഗം വിളിച്ചു ചേർക്കുന്നതിനായി ബി.പി.ഇ.യുടെ പരിധിയിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ, പിന്നോക്കസമുദായ പ്രാതിനിധ്യം സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് ശേഖരിക്കുന്നതിനായുള്ള നടപടികൾ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നു."

പ്രസ്തുത മറുപടി സമിതി പരിഗണിക്കുകയും സർക്കാർ സർവ്വീസിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും പിന്നോക്കസമുദായ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള ഉന്നതതല സമിതി യോഗം ചേർന്നത് സംബന്ധിച്ച റിപ്പോർട്ട് ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിനോട് ആരായുകയും ചെയ്തു.

3. വിശ്വകർമ്മ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. എം. വി. ലക്ഷ്മണൻ സമർപ്പിച്ച ഹർജി
(ഫയൽ നമ്പർ 5599/ ബി.സി.സി3/2009/നി.സെ.)

വിശ്വകർമ്മ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. എം. വി. ലക്ഷ്മണൻ സമർപ്പിച്ച ഹർജിയിൽ ആകെ അഞ്ച് ആവശ്യങ്ങളാണുണ്ടായിരുന്നത്. പ്രസ്തുത ഹർജി സമിതി പരിഗണിക്കുകയും സർക്കാരിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

സാമുദായിക സംവരണം നിലവിൽ പാലിക്കുന്ന സാഹചര്യത്തിൽ ആനുപാതിക സംവരണം ലഭ്യമാക്കണം. ആയത് പരിശോധിക്കുന്നതിന് പ്രത്യേക ജനസംഖ്യ സർവ്വേ നടത്തുക, മെറിറ്റിൽ നിയമനം ലഭിക്കുമ്പോഴും സാമുദായിക സംവരണം പ്രത്യേകം ലഭ്യമാക്കുക എന്നീ ആവശ്യങ്ങളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 24-5-2010-ലെ 3483/എഫ്1/10/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ഇപ്രകാരമാണ് :

"സർക്കാർ നടത്തുവാൻ ഉദ്ദേശിക്കുന്ന സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ സർവ്വെയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ ആവശ്യത്തിൻമേൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ".

വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റുന്നതിന് വിശ്വകർമ്മജരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുക എന്ന ആവശ്യത്തിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 24-5-2010-ലെ 3483/എഫ്1/10/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

"വിശ്വകർമ്മ സമുദായത്തെ ഒ.ബി.സി.യിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒ.ബി.സി.ക്കാർക്ക് നൽകി വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ വിശ്വകർമ്മ സമുദായത്തിനും അനുവദിച്ചു വരുന്നുണ്ട്. വാർഷിക വരുമാന പരിധി 42,000 രൂപ വരെയുള്ള പി.ജി./പ്രൊഫഷണൽ കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി./മറ്റു സമുദായ വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസാനുകൂല്യവും 500 രൂപ വാർഷിക ലംപ്സം ഗ്രാന്റും ഡേ സ്കോളേഴ്സ് 200 രൂപ, ഹോസ്റ്റലേഴ്സ് 250 രൂപ എന്നീ നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റും പോളിടെക്നിക് വിദ്യാർത്ഥികൾക്ക് 42,000 രൂപ വരെ വരുമാനം ഉള്ളവർക്ക് മുഴുവൻ ഫീസാനുകൂല്യവും 200 രൂപ വാർഷിക ലംപ്സം ഗ്രാന്റും, ഡേ സ്കോളേഴ്സ് 100 രൂപ ഹോസ്റ്റലേഴ്സ് 150 രൂപ എന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റും 2010-2011 അദ്ധ്യയന വർഷം മുതൽ സ.ഉ.(എംഎസ്.) നമ്പർ 22/10/പജ.പവ.വിവ. തീയതി 24-2-2010 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വാർഷിക വരുമാനം 44,500 രൂപയോ അതിൽ കുറവോ ഉള്ള +1, +2 കോഴ്സുകൾക്ക് പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രതിമാസം 90 രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് സ.ഉ. (എംഎസ്.) നമ്പർ 11/10/പജപവവിവ. തീയതി 24-5-2010 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് ".

അസംബ്ലി, മറ്റ് പ്രാദേശിക ഭരണ സംവിധാനങ്ങൾ എന്നിവയിൽ വിശ്വകർമ്മജർക്ക് ഭരണപങ്കാളിത്തം ഉറപ്പ് വരുത്തുക എന്ന ആവശ്യത്തിൻമേൽ പട്ടികജാതി പട്ടികവർഗ്ഗ (എഫ്) വകുപ്പിന്റെ 21-12-2010-ലെ 24939/എഫ്1/2010/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ് : "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സീറ്റുകളിൽ പട്ടികജാതി പട്ടികവർഗ്ഗ ക്കാർക്കും, വനിതകൾക്കുമുള്ള സംവരണം ഭരണഘടനയുടെ 243 ഡി, 243 റ്റി

അനുച്ഛേദങ്ങളിൽ (യഥാക്രമം പഞ്ചായത്തുകളുടേയും മുനിസിപ്പൽ പ്രദേശങ്ങളുടേയും) ആണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ജനസംഖ്യാനുപാതികമായ സംവരണ മാണ് കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സീറ്റുകൾ സംവരണം ചെയ്തുകൊണ്ടുള്ള വ്യവസ്ഥകൾ പിന്നോക്ക വിഭാഗങ്ങളിലെ ആളുകൾക്ക് സീറ്റുകൾ സംവരണം ചെയ്യുന്നതിന് സംസ്ഥാന നിയമസഭകളെ തടസ്സപ്പെടുത്തുന്നവയല്ല എന്ന് ഭരണഘടനയിൽത്തന്നെ [അനുച്ഛേദം 243 ഡി (6), 243 റ്റി (6)] വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും പിന്നോക്ക വിഭാഗക്കാർക്ക് സീറ്റുകൾ സംവരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിശ്വകർമ്മ ഉൾപ്പെടെയുള്ള മറ്റു പിന്നോക്ക വിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടതും അതിനായി കേരള പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതും സംസ്ഥാന നിയമസഭയാണ്. അത്തരത്തിൽ ഒരു നിയമ ഭേദഗതി ഇപ്പോൾ പരിഗണനയിലില്ല".

പാരമ്പര്യ തൊഴിലാളി സമൂഹമായ വിശ്വകർമ്മജരിലെ വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക സംവരണ സീറ്റ് ഉറപ്പാക്കുക എന്ന ആവശ്യത്തിന്മേൽ ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പിന്റെ 22-9-2011-ലെ 36117/ജി3/10/ഉവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ഇപ്രകാരമാണ്. "വിശ്വകർമ്മ സമുദായത്തിലെ വിദ്യാർത്ഥികൾക്കായി പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. 'മറ്റ് പിന്നോക്ക ഹിന്ദു' വിഭാഗത്തിനായി സംവരണം ചെയ്തിരിക്കുന്ന 5% സീറ്റിൽ വിശ്വകർമ്മ സമുദായത്തിൽ നിന്നുള്ള വിദ്യാർത്ഥികളും ഉൾപ്പെടുന്നു. പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റിൽ ഈ സമുദായത്തിൽ നിന്നും അർഹതയുള്ള കുട്ടികളെ ഉൾപ്പെടുത്തി അവർക്ക് പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള നടപടികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നടത്തി വരുകയാണ്".

8-8-2012-ലെ സമിതി യോഗം പ്രസ്തുത മറുപടി പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം പ്രസ്തുത റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

4. വിവിധ ആവശ്യങ്ങളുന്നയിച്ച് ശ്രീ. വി. ആർ. ജോഷി സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽ നമ്പർ 3607 /ബി.സി.സി.3/2008/നി.സെ.)

വിവിധ ആവശ്യങ്ങളുന്നയിച്ച് ശ്രീ. വി. ആർ. ജോഷി സമർപ്പിച്ച ഹർജി സമിതി പരിഗണിക്കുകയും സർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

ശ്രീ. കെ. ആർ. അജയകുമാർ, കളത്തിൽ വീട്, വെളൂർ എന്ന വ്യക്തിക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നിഷേധിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുക. എന്ന ആവശ്യത്തിന്മേൽ റവന്യൂ (റ്റി) വകുപ്പിന്റെ 18-10-2012-ലെ 66511/റ്റി2/2010/ആർ.ഡി. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ക്രീമിലെയറുമായി ബന്ധപ്പെട്ട് 26-9-2009-ലെ ജി.ഒ.(പി.) നമ്പർ 81/2009/ എസ്.സി.എസ്.റ്റി.ഡി.ഡി., 14-6-2010-ലെ സർക്കുലർ 27396/എഫ്3/07/ എസ്.സി.എസ്.റ്റി.ഡി. ഡി. എന്നിവയാണ് നിലവിലുള്ളത്. എന്നാൽ, 2003-ൽ അപേക്ഷകൻ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചപ്പോൾ അന്ന് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 36/2000/എസ്.സി.എസ്.റ്റി.ഡി.ഡി. തീയതി 27-5-2000 മാത്രമാണ്. ടി ഉത്തരവ് പരിശോധിക്കുമ്പോൾ നോൺ ക്രീമിലെയർ കണക്കാക്കുന്നത് ഗുണഭോക്താവിന്റെ സ്റ്റാറ്റസ് നോക്കിയല്ല, മറിച്ച് ടിയാന്റെ മാതാപിതാക്കളുടെ സ്റ്റാറ്റസ് നോക്കിയാണെന്ന് കാണുന്നു. അപ്രകാരം വിവക്ഷിക്കുമ്പോൾ ശ്രീ. അജയകുമാറിന്റെ വരുമാനം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് കണക്കാക്കാൻ പാടില്ലായിരുന്നു. സ്വയം ക്രീമിലെയർ വിഭാഗത്തിൽപ്പെടുന്ന ആൾക്കുതന്നെ നോൺ ക്രീമിലെർ സർട്ടിഫിക്കറ്റ് നൽകരുതെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി ഉത്തരവിൽ കാണുന്നില്ല. 14-6-2010-ലെ സർക്കുലർ അനുസരിച്ച് ഒരു വ്യക്തിയുടെ ക്രീമിലെയർ സ്റ്റാറ്റസ് തീരുമാനിക്കുന്നത് അയാളുടെ മാതാപിതാക്കളുടെ സ്റ്റാറ്റസ് നോക്കിയാണെന്നും അതുകൊണ്ടു തന്നെ ക്രീമിലെയർ സ്റ്റാറ്റസ് കണക്കാക്കുന്നതിന് അയാളുടെയോ പങ്കാളിയുടെയോ സ്റ്റാറ്റസോ വരുമാനമോ കണക്കിലെടുക്കരുതെന്നും വ്യക്തമാകുന്നു. ശ്രീ. കെ. ആർ. അജയകുമാർ 29-4-2003-ൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനായി കോട്ടയം തഹസിൽദാർക്ക് സമർപ്പിച്ച അപേക്ഷ നിരസിച്ച നടപടി ശരിയല്ല. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവത്തിലാണ് അത്തരമൊരു നടപടി സ്വീകരിച്ചത്. ക്രീമിലെയർ സ്റ്റാറ്റസ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 2009, 2010 വർഷങ്ങളിലാണ് പുറപ്പെടുവിച്ചിട്ടുള്ളത്. മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് ".

സ്വാശ്രയവിദ്യാഭ്യാസ മേഖലയിൽ പ്രവേശനം ലഭിക്കുന്ന എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകുക എന്ന ആവശ്യത്തിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 18-10-2010-ലെ 22120/എഫ്3/2008/ പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ഇപ്രകാരമാണ് :

"സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല ".

പ്രസ്തുത റിപ്പോർട്ട് 23-11-2011-ലെ സമിതിയോഗം പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

5. പിന്നോക്കസമുദായ ആനുകൂല്യങ്ങൾ ലഭ്യമാകാത്തതു സംബന്ധിച്ച് ആൾ ഇന്ത്യാ വെള്ളാള ഫെഡറേഷൻ ജനറൽ സെക്രട്ടറി ശ്രീ. കെ. രാമകൃഷ്ണപിള്ള സമർപ്പിച്ച ഹർജി
(ഫയൽ നമ്പർ 4801 ബി.സി.സി.3/2010/നി.സെ.)

വെള്ളാള സമുദായത്തിന് ഒ.ബി.സി. ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും പ്രസ്തുത സമുദായത്തിന് ഒ.ബി.സി. സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിന്മേൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 3-5-2011-ലെ 4264/എഫ്2/2011/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി ഇപ്രകാരമാണ് "ശൈവ വെള്ളാള സമുദായത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും കെ.പി.സി.ആർ. പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചുനൽകുന്നതാണ്. ശൈവവെള്ളാള സമുദായത്തിന് ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ വില്ലേജ് ഓഫീസുകൾക്ക് നിർദ്ദേശം നൽകുന്നതിന് റവന്യൂ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട് ".

പ്രസ്തുത മറുപടി 23-3-2012-ലെ സമിതിയോഗം പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം മറുപടി റിപ്പോർട്ട് ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

6. തട്ടാൻ സർവ്വീസ് സൊസൈറ്റി വയനാട് ജില്ലാ കമ്മിറ്റി പ്രസിഡന്റ് ശ്രീ. കെ. പി. രാജൻ സമർപ്പിച്ച ഹർജി
(ഫയൽ നമ്പർ 6324/ബിസിസി3/2010/നി.സെ.)

ജാതി തിരിച്ചുള്ള സെൻസസ് എടുത്ത് തട്ടാൻ സമുദായത്തിന് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ അർഹമായ പരിഗണന നൽകുക, ബാങ്കുകളിലെ അപ്രൈസർ മാരായി തട്ടാൻ ജാതിയിൽപ്പെട്ടവരെ മാത്രം ഉൾപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തട്ടാൻ സർവ്വീസ് സൊസൈറ്റി വയനാട് ജില്ലാക്കമ്മിറ്റി പ്രസിഡന്റ് ശ്രീ. കെ. പി. രാജൻ സമിതിക്ക് ഹർജി സമർപ്പിച്ചിരുന്നു.

പ്രസ്തുത ഹർജി പരിഗണിച്ച സമിതി, ബാങ്കുകളിലെ അപ്രൈസർമാരുടെ നിയമന ത്തിന് തട്ടാൻ സമുദായത്തിന് മുൻഗണന നൽകുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ശിപാർശയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 16-1-2012-ലെ 6414/എഫ്1/11/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ഇപ്രകാരമാണ്. “ബാങ്കുകളിലെ അപ്രൈസർമാരായി നിയമനം ലഭിക്കുന്നതിന് തട്ടാൻ സമുദായത്തിന് മുൻഗണന നൽകണമെന്ന ആവശ്യം അനുകൂലമായി പരിഗണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് നൽകുവാൻ കേന്ദ്ര ധനകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബാങ്കുകളിൽ അപ്രൈസർമാരായി നിയമനം ലഭിക്കുന്നതിന് തട്ടാൻ സമുദായത്തിന് മുൻഗണന നൽകണമെന്ന ആവശ്യം പരിഗണിക്കാനും മേൽ വിഷയം സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട് ”.

സെൻസസ് സംബന്ധിച്ച ആവശ്യത്തിന്മേൽ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്റെ 24-6-2011-ലെ 43973/പൊളിറ്റിക്കൽ5/11/പൊഭവ. നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടി ഇപ്രകാരമാണ്. "പത്തു വർഷത്തിലൊരിക്കൽ നടത്തുന്ന ഭാരതത്തിന്റെ ജനസംഖ്യാ കണക്കെടുപ്പ് കേന്ദ്ര സർക്കാരാണ് നടപ്പാക്കുന്നത്. ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണർ വഴിയാണ് ഈ പ്രക്രിയ നടപ്പിലാക്കുന്നത്. ഓരോ തവണയും സെൻസസിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ തീരുമാനിക്കുന്നതും കേന്ദ്ര സർക്കാരാണ്. ജനസംഖ്യാ കണക്കെടുപ്പിനോടനുബന്ധിച്ച് 2011 ജൂൺ മാസത്തിൽ വ്യക്തികളുടെ ജാതി തിരിച്ചുള്ള സെൻസസ് കൂടി തയ്യാറാക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ശ്രീ. കെ. പി. രാജൻ സമർപ്പിച്ച ഹർജി അനന്തര നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ കേരളത്തിലെ പ്രതിനിധിയായ സെൻസസ് ഓപ്പറേഷൻസ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്ന് അറിയിച്ചുകൊള്ളുന്നു."പ്രസ്തുത മറുപടി സമിതിയുടെ 8-8-2012-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

7. പി.എസ്.സി. നിയമനങ്ങളിൽ 100 ഒഴിവുകൾ ഒറ്റ യൂണിറ്റായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജികൾ
(ഫയൽ നമ്പർ 14991/ബിസിസി3/2002/നി.സെ.)
(ഫയൽ നമ്പർ 2436/ബിസിസി3/2009/നി.സെ.)
(ഫയൽ നമ്പർ 2443/ബിസിസി3/2009/നി.സെ.)

പി.എസ്.സി. നിയമനങ്ങളിൽ 100 ഒഴിവുകൾ ഒറ്റ യൂണിറ്റായി പരിഗണിക്കണമെന്ന ഹർജി പരിഗണിച്ച സമിതി പി.എസ്.സിയിലെ സംവരണക്രമം 50:50 അനുപാതത്തിൽ നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്നും 20:20 എന്ന സംവരണ ക്രമം മതിയെന്ന തീരുമാനം എന്തടിസ്ഥാനത്തിലാണെന്നും ആരായുകയും ചെയ്തു. അതിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 21-1-2012-ലെ 11009/എഫ്3/11/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ്. "സിവിൽ അപ്പീൽ നമ്പർ 1991/2009-ൽ 30-3-2009-ലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം നിലവിലുള്ള യൂണിറ്റ് സമ്പ്രദായം പി.എസ്.സി. നിയമനങ്ങളിൽ തുടരാൻ ഉത്തരവായിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ കൂടുതൽ പഠനം നടത്തേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്". പ്രസ്തുത റിപ്പോർട്ട് 1-8-2012-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം ഹർജിക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

8. ഈഴവാത്തി, കാവുതീയ്യ തുടങ്ങിയ സമുദായങ്ങളെ വാദ്ധ്യായർ എന്ന പേരിൽ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് വാദ്ധ്യായർ മഹാസഭ സമർപ്പിച്ച ഹർജി
(ഫയൽ നമ്പർ 778/ബിസിസി3/2010/നി.സെ.)

ഈഴവാത്തി, കാവുതീയ, പുരോഹിതൻ, കോമരം, വാള്ശികൾ, വാദ്ധ്യായർ, ഉപാദ്ധ്യായർ, ബലിക്കുറുപ്പ് എന്ന പേരുകളിൽ അറിയപ്പെടുന്ന സമുദായങ്ങളെ 'വാദ്ധ്യായർ' എന്ന ഒരു പേരിലാക്കി ഔദ്യോഗികമായി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 20-9-2011-ലെ 8007/എഫ്3/10/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

"സംസ്ഥാന സർക്കാരിന്റെ മറ്റു പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിലും കേന്ദ്ര സർക്കാരിന്റെ പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുള്ള രണ്ട് സമുദായങ്ങളാണ് ഈഴവാത്തിയും കാവുതീയനും. ഈ സമുദായങ്ങളെ പ്രാദേശികമായി വിളിക്കുന്ന പേരുകളാണ് കോമരം, വാത്തിയാർ തുടങ്ങിയവ. മേൽപ്പറഞ്ഞ സമുദായങ്ങൾക്ക് മറ്റു പിന്നോക്ക സമുദായങ്ങൾക്കുള്ള സംവരണാനുകൂല്യങ്ങൾ ഇപ്പോൾ ലഭിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ മറ്റു പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിൽ ഈഴവാത്തിയും കാവുതീയനും യഥാക്രമം 17, 33 എന്നീ സ്ഥാനങ്ങളിലാണ്. വാദ്ധ്യായർ എന്ന സമുദായത്തെ പ്രത്യേകമായി മറ്റു പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഈഴവാത്തി, കാവുതീയ എന്നീ സമുദായങ്ങൾ സാമൂഹിക ഘടനയിലും സാംസ്കാരിക സവിശേഷതയിലും തങ്ങളുടേതായ അസ്തിത്വം നിലനിർത്തുന്നുണ്ട്. ആയതിനാൽ, ഈഴവാത്തി, കാവുതീയ എന്നീ സമുദായങ്ങളെ ഒരൊറ്റ സമുദായമായി പരിഗണിച്ച് ഒരു പൊതുനാമം നൽകുക എന്നത് നരവംശശാസ്ത്രപരമായി അംഗീകരിക്കാൻ കഴിയില്ല. പാരമ്പര്യമായി ഒരു സമുദായം ആർജ്ജിച്ച സവിശേഷതകളെ ഒരു പഠനം കൊണ്ട് മാറ്റുവാൻ സാധിക്കില്ല. ആയതിനാൽ, ഹർജിയിലെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല ". പ്രസ്തുത റിപ്പോർട്ട് 1-2-2012-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

9. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന വിശ്വകർമ്മ സമുദായങ്ങൾക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ആർട്ടിസാൻസ് വെൽഫെയർ ഓർഗനൈസേഷൻ കാസർഗോഡ് ജില്ലാ കമ്മിറ്റിക്കുവേണ്ടി 16-6-2009-ൽ ശ്രീ. എം. ശ്രീധരൻ ആചാരി സമർപ്പിച്ച ഹർജി
(ഫയൽ നമ്പർ 2800/ബിസിസി3/2009/നി.സെ.)

വിശ്വകർമ്മ സമുദായങ്ങളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് 16-6-2009-ൽ ശ്രീ. എം. ശ്രീധരൻ ആചാരി പിന്നോക്കസമുദായ ക്ഷേമ സമിതിക്ക് ഹർജി സമർപ്പിച്ചിരുന്നു.

പരമ്പരാഗത തൊഴിൽ ചെയ്യുന്ന വിശ്വകർമ്മ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ മേഖലയിൽ 10% സംവരണം ഉറപ്പ് വരുത്തുക എന്ന ആവശ്യത്തിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 6-11-2009-ലെ 20780/എഫ്1/09/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ് :

"നിലവിലുള്ള സംവരണ ശതമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം സോഷ്യോ എക്കണോമിക് സർവ്വെയുടെ ഫലം വന്നതിനുശേഷം മാത്രമേ എടുക്കാൻ സാധിക്കുകയുള്ളൂ".

ദേവസ്വം ബോർഡുകളിൽ വിശ്വകർമ്മജർക്ക് പ്രാതിനിധ്യം നൽകുക എന്ന ആവശ്യത്തിന്മേൽ റവന്യൂ (ദേവസ്വം) വകുപ്പിന്റെ 9-12-2009-ലെ 62693/ദേവ 2/09/ആർ.ഡി. നമ്പർ കത്തുപ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ് :

"1950-ലെ തിരുവിതാംകൂർ കൊച്ചി ഹിന്ദുമതസ്ഥാപന നിയമത്തിലോ 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന (ഭേദഗതി) നിയമത്തിലോ 2005-ലെ കൂടൽമാണിക്യം ദേവസ്വം നിയമത്തിലോ 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിലോ ഒന്നും തന്നെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനല്ലാതെ മറ്റേതെങ്കിലും ജാതിക്കോ സമുദായത്തിനോ സംഘടനയ്ക്കോ പ്രാതിനിധ്യം നൽകിക്കൊണ്ട് ബോർഡ് അഥവാ കമ്മിറ്റികളുടെ ഘടന രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. അംഗങ്ങൾ ഹിന്ദുക്കളായിരിക്കണമെന്നേ വ്യവസ്ഥയുള്ളൂ. അതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനല്ലാതെ മറ്റു ഹൈന്ദവ വിഭാഗങ്ങൾക്കൊന്നും തന്നെ സംവരണം നൽകിവരുന്നില്ല. ഹിന്ദുമത വിശ്വാസിയും ക്ഷേത്രാരാധനയിൽ വിശ്വാസമുള്ള ഒരു വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടയാളെ ദേവസ്വം നിയമനങ്ങൾ അനുശാസിക്കുന്ന അയോഗ്യതകളൊന്നുമില്ലെങ്കിൽ മറ്റേതു സമുദായത്തെയും പോലെ തന്നെ ദേവസ്വം ബോർഡിലേക്കോ കമ്മിറ്റിയിലേക്കോ പരിഗണിക്കപ്പെടാവുന്നതേയുള്ളൂ".

60 വയസ്സ് കഴിഞ്ഞ വിശ്വകർമ്മ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുക എന്ന ആവശ്യത്തിന്മേൽ തൊഴിലും പുനരധിവാസവും (ബി) വകുപ്പിന്റെ 31-3-2010-ലെ 30019/ബി1/09/തൊഴിൽ നമ്പർ കത്തു പ്രകാരം ലഭിച്ച മറുപടി ഇപ്രകാരമാണ് : "വിശ്വകർമ്മ തൊഴിലാളികൾ എന്നത് കൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത് കരകൗശല തൊഴിലാളികളെയാണ്. കരകൗശല തൊഴിലാളികൾ നിലവിൽ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ ക്ഷേമപദ്ധതിയിൽ അംഗങ്ങളാണ്. ടി പദ്ധതിയിൽ അംഗങ്ങളായി ചേർന്ന് 10 വർഷം അംശദായമടച്ച 60 വയസ്സ് പൂർത്തിയാക്കി റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റിയ തൊഴിലാളികൾക്ക് പ്രതിമാസം 250 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നുണ്ട്".

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കരകൗശല തൊഴിലുകൾ നിലനിർത്തുന്നതിന് വേണ്ടി ഗവൺമെന്റ് തലത്തിൽ ആവശ്യമായ സാമ്പത്തിക സഹായം നൽകുക എന്ന ആവശ്യത്തിന്മേൽ വ്യവസായ (കെ) വകുപ്പിന്റെ 27-7-2012-ലെ 29939/കെ3/10/വ്യവ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമാണ് : "കരകൗശല തൊഴിലാളികൾക്ക് പണിയായുധങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനും സബ്സിഡി പരിധി ന്യായമായ നിരക്കിൽ ഉയർത്തുന്നതിനും അനുയോജ്യമായ തരത്തിലുള്ള ഒരു സ്കീം തയ്യാറാക്കി സമർപ്പിക്കുന്നതിനും കൂടാതെ ഈ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ട് 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്".

ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആസ്ഥാനം കാസർഗോഡ് സ്ഥാപിക്കുക എന്ന ആവശ്യത്തിന്മേൽ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആസ്ഥാനം കാസർഗോഡ് സ്ഥാപിക്കുക എന്നത് ഇപ്പോൾ പരിഗണനയിലില്ല എന്ന മറുപടിയാണ് സർക്കാരിൽനിന്നും ലഭിച്ചത്.

പ്രസ്തുത റിപ്പോർട്ടുകൾ 3-2-2010, 20-9-2010, 22-5-2013 എന്നീ തീയതികളിലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും സമിതി നിർദ്ദേശാനുസരണം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## സമിതിയുടെ ശിപാർശകൾ

1. പിന്നോക്ക സമുദായക്കാർക്ക് നൽകിവരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ തുക കാലാനുസൃതമായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ ഗ്രാന്റ്-സ്കോളർഷിപ്പ് ഇനത്തിൽ ആരാണോ ഉയർന്ന തുക നൽകുന്നത് അത് മറ്റ് ഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവയ്ക്കുകൂടി ബാധകമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. സംവരണ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പി.എസ്.സി. ചെയ്യുന്നതുപോലെ എൻ.സി.എ. നോട്ടിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ക്രീമിലെയർ സ്റ്റാറ്റസ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ചുള്ള അവബോധം റവന്യൂ വകുപ്പിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകണമെന്നും ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകളിലെ വ്യവസ്ഥകൾ വിശദമാക്കുന്ന ഒരു കൈപുസ്തകം തയ്യാറാക്കി വിതരണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. സംസ്ഥാനത്ത് നടന്നുവരുന്ന ജാതി സെൻസസ് എത്രയുംപെട്ടെന്ന് പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ക്ഷേമ പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമ പെൻഷൻ തുക കാലോചിതമായി പരിഷ്കരിക്കുക.

സി. മമ്മൂട്ടി,
*ചെയർമാൻ,*
*പിന്നോക്കസമുദായ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 നവംബർ 25.